**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2183** **06-07-2022 - ൽ മറുപടിയ്ക്ക്**

**ആരോഗ്യ സർവ്വകലാശാല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ ആരോഗ്യ സർവ്വകലാശാല സ്ഥാപിച്ചത് ഏത് വർഷമാണ്; ഈ സർവ്വകലാശാലയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെ; | (എ) | **07.12.2009 നാണ് കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല സ്ഥാപിതമായത്. അലോപ്പതി, ഹോമിയോപ്പതി, ആയുർവേദം, സിദ്ധ, യോഗ, പ്രകൃതി ചികിത്സ, യുനാനി എന്നിവയുൾപ്പെടെയുള്ള എല്ലാ വൈദ്യശാസ്ത്ര വിഷയങ്ങളിലും ശരിയായതും ചിട്ടയായതുമായ പഠനവും പരിശീലനവും ഗവേഷണവും ഉറപ്പാക്കുന്നതിനായാണ് കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല രൂപീകൃതമായത്.** |
| (ബി) | പ്രസ്തുത സർവ്വകലാശാലയുടെ കീഴിൽ ഉള്ള സർക്കാർ, എയ്ഡഡ്, സ്വാശ്രയ കോളേജുകൾ എത്ര വീതമെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (ബി) | **ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.** |
| (സി) | സർവ്വകലാശാല നടത്തിയ വിവിധ പരീക്ഷകളിൽ കുട്ടികളുടെ വിജയ ശതമാനം സംബന്ധിച്ച് എന്തെങ്കിലും താരതമ്യ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | **ഫലങ്ങളുടെ പൊതു വിജയശതമാനം താരതമ്യം ചെയ്ത് പരിശോധിക്കാറുണ്ട്. എന്നാൽ ഒരു താരതമ്യ പഠനം ഇതുവരെ നടത്തിയിട്ടില്ല.** |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

| **നം.** | **ജില്ല** | **സർക്കാർ കോളേജുകൾ** | **എയ്ഡഡ് കോളേജുകൾ** | **സ്വാശ്രയ കോളേജുകൾ** |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 8 | 1 | 33 |
| 2 | കൊല്ലം | 1 | 0 | 16 |
| 3 | പത്തനംതിട്ട | 0 | 0 | 20 |
| 4 | കോട്ടയം | 6 | 1 | 21 |
| 5 | ആലപ്പുഴ | 5 | 0 | 8 |
| 6 | ഇടുക്കി | 0 | 0 | 7 |
| 7 | എറണാകുളം | 3 | 1 | 42 |
| 8 | തൃശ്ശൂർ | 4 | 1 | 23 |
| 9 | പാലക്കാട് | 1 | 0 | 22 |
| 10 | മലപ്പുറം | 1 | 1 | 22 |
| 11 | കോഴിക്കോട് | 6 | 0 | 24 |
| 12 | വയനാട് | 0 | 0 | 4 |
| 13 | കണ്ണൂർ | 6 | 0 | 20 |
| 14 | കാസർഗോഡ് | 1 | 0 | 9 |
| **ആകെ** | | 42 | 5 | 271 |